ഉത്തരം

(എ) വിഷൻ 2010 പ്രകാരം ഓരോ നിയോജകമണ്ഡലത്തിലും ഭരണാനുമതി നൽകിയ പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭിച്ച ടി വകുപ്പിലെ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.* ജലവിഭവ (MI) വകുപ്പിന്റെ കീഴിൽ മാവേലിക്കര നിയോജകമണ്ഡലത്തിൽ 1,06,20,000 രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. മറ്റ് ജലവിഭവ ഓഫീസുകളിൽ നിന്നും വിവരം ശേഖരിച്ചു വരുന്നു.

(ബി) വിഷൻ 2010 പ്രകാരം 2007-08 -ൽ കൊയിലാണ്ടി മണ്ഡലത്തിൽ പുറക്കാട് തുറയൂർ റോഡിന് 100 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. ജലവിഭവ വകുപ്പിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

(സി) വിഷൻ 2010 സ്കീം ഇപ്പോൾ നിലവിലില്ല.

മണലൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ

160 (4514) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഷൻ 2010 പദ്ധതിയിൽ ഉൾപ്പെടുത്തി മണലൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാം ;

(ബി) അവയുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) വിഷൻ 2010 പദ്ധതിയിൽ ഉൾപ്പെടുത്തി മണലൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പാവറട്ടി - ഏനമാക്കൽ റോഡ്, കരുവാന്തല - ചക്കംകണ്ടം റോഡ് എന്നീ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.

സർക്കാർ ചെലവുകൾ

161 (4515) ശ്രീ. എ. എം. യൂസഫ് :
ശ്രീ. പി. വിശ്വൻ :
ശ്രീ. വി. ശശികുമാർ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ചെലവുകൾക്ക് ഈ സർക്കാർ മുൻഗണന നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly